# അറിയിപ്പ്

മി. സ്പീക്കർ: സർ, ഇന്നും നാളെയും ബില്ലുകളുടെ പരിഗണനയുള്ളതുകൊണ്ട് ഉച്ചയ്ക്കുശേഷവും ഇരിക്കേണ്ടിവരുമെന്ന് അംഗങ്ങൾക്ക് എല്ലാപേർക്കുമറിയാം. സാധാരണഗതിയിൽ സമയനിഷ്ഠ പാലിക്കണമെന്ന് പറഞ്ഞാലും ചെയറിനെ സമ്മർദ്ദത്തിലാക്കിയും ചെയറിനോട് പോരാടിയും പരമാവധി സമയം ദീർഘിപ്പിക്കുന്നതിലാണ് ഇവിടെ മത്സരം നടക്കുന്നത്. രണ്ടുമണികഴിയുന്നതോടുകൂടി അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യും. ഇന്ന് ഉച്ചവരെ മൂന്നുമണിക്കൂർ ചർച്ച കഴിഞ്ഞതിനുശേഷമാണ് ബിൽ പരിഗണിക്കേണ്ടത്. വളരെ സമയബന്ധിതമായി തീർക്കാൻ എല്ലാപേരും സഹകരിക്കണം. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതി തേടിയുള്ള പ്രസംഗമുൾപ്പെടെയുള്ള കാര്യങ്ങളിൽ സമയം പരമാവധി ചുരുക്കി ഇന്ന് സഹകരിച്ചില്ലെങ്കിൽ വിഷമമുണ്ടാകും. അംഗങ്ങൾക്കും മാദ്ധ്യമ പ്രവർത്തകർക്കുമുള്ള ഉച്ചഭക്ഷണം പ്രത്യേകമായി ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. പതിനൊന്നര മുതൽ ഒന്നര വരെ കാന്റീൻ പ്രവർത്തിക്കുന്നതല്ല.